"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -സമാശ്വാസ തൊഴിൽദാന പദ്ധതി - കുന്നംകുളം നഗരസഭയിൽ സാനിറ്റേഷൻ വർക്കറായിരിക്കെ 02.08.2018- ൽ മരണപ്പെട്ട ശ്രീ.ഷാജി.റ്റി.സി-യുടെ മകൻ ശ്രീ.എബി.റ്റി.എസ് ആശ്രിത നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.658/2026/LSGD തീയതി,തിരുവനന്തപുരം, 10-03-2026

---

പരാമർശം:-

1. .സ.ഉ(പി) നം.12/99/ഉഭപവ തീയതി 24.05.1999
2. 18.05.2004-ലെ 6678/ഉപ.സി.02/2004/ഉഭപവ നമ്പർ സർക്കുലർ.
3. സ.ഉ(പി) നം.4/2025/ഉഭപവ തീയതി 29.03.2025
4. സർക്കാരിന്റെ 08.12.2025-ലെ ഇയു1/170/2025/LSGD നമ്പർ കത്ത്.
5. ശ്രീ.എബി.റ്റി.എസ് സമർപ്പിച്ച 16.12.2025 തീയതിയിലെ അപേക്ഷ.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 15.11.2025 &11.01.2026 തീയതികളിലെ LSGD/PD/31139/2025-DEF7 നമ്പർ കത്ത്.

**ഉത്തരവ്**

കുന്നംകുളം നഗരസഭയിൽ സാനിറ്റേഷൻ വർക്കറായിരിക്കെ 02.08.2018- ൽ മരണപ്പെട്ട ഷാജി.റ്റി.സി-യുടെ മകൻ ശ്രീ.എബി.റ്റി.എസ് (തൊലത്ത് (H), കക്കാട്, കുന്നംകുളം പി.ഒ, തൃശ്ശൂർ - 680503) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത കാലയളവിൽ ബാധകമായിരുന്ന പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഒരു സർക്കാർ ഉദ്യോഗസ്ഥൻ സർവ്വീസിലിരിക്കെ മരണമടഞ്ഞാൽ ടിയാളുടെ ആശ്രിതൻ മേജർ ആണെങ്കിൽ ഉദ്യോഗസ്ഥന്റെ മരണശേഷം രണ്ടു വർഷത്തിനുള്ളിലും അപേക്ഷകൻ മൈനർ ആണെങ്കിൽ മേജർ ആയി മൂന്ന് വർഷത്തിനകവും അപേക്ഷ സമർപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

2) 05.09.2002 ജനന തീയതിയായുള്ള ശ്രീ.എബി.റ്റി.എസ്, പിതാവിന്റെ മരണസമയം (02.08.2018) മൈനറായിരുന്നു. 05.09.2020-ൽ 18 വയസ്സ് പൂർത്തിയായ ശ്രീ.എബി.റ്റി.എസ്. സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 20.08.2025-ആണ്. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ടിയാൾ 05.09.2023 നകം അപേക്ഷ നൽകേണ്ടതായിരുന്നു. എന്നാൽ സമയപരിധി കഴിഞ്ഞ് 1 വർഷം, 11 മാസം, 15ദിവസം കഴിഞ്ഞാണ് ടിയാൾ അപേക്ഷ നൽകിയത്. ശ്രീ.എബി.റ്റി.എസ് സമയപരിധി കഴിഞ്ഞാണ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന വിവരം

അപേക്ഷകനെ പരാമർശം (4) പ്രകാരം അറിയിക്കുകയും, അതോടൊപ്പം അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസത്തിനുള്ള കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

3) പരാമർശം (5) പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ പരേതന്റെ അനന്തരാവകാശിയുടെ സമ്മതപത്രം ലഭിക്കുവാൻ കാലതാമസം വന്നതിനാലാണ് അപേക്ഷ സമർപ്പിക്കുവാൻ കാലതാമസം നേരിട്ടതെന്ന് ശ്രീ.എബി.റ്റി.എസ് അറിയിക്കുകയുണ്ടായി. പരാമർശം (1) & (3) സർക്കാർ ഉത്തരവുകൾ പ്രകാരം ആശ്രിതർ തമ്മിൽ തർക്കമുണ്ടാകുന്ന പക്ഷം വിധവ/വിഭാര്യൻ നിർദ്ദേശിക്കുന്ന ആളിന് നിയമനം നൽകാവുന്നതാണ്. ശ്രീ.എബി.റ്റി.എസ്-ന് ആശ്രിത നിയമനം നൽകുന്നതിനാണ് മാതാവ് അനുകൂലിച്ചിരുന്നത്. അപേക്ഷകന് ഒൻപതാം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയാണുള്ളത്. പിതാവിന്റെ മരണ സമയത്ത് മൈനറായി രുന്നതിനാൽ ടിയാൻ ചട്ടങ്ങളെക്കുറിച്ച് അജ്ഞനായിരുന്നു. തൃശ്ശൂർ ജില്ലയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിനാണ് ടിയാൻ അപേക്ഷിച്ചിരിക്കുന്നതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ, പരാമർശം (2) സർക്കുലറിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കുന്നംകുളം നഗരസഭയിൽ സാനിറ്റേഷൻ വർക്കറായിരിക്കെ 02.08.2018- ൽ മരണപ്പെട്ട ഷാജി.റ്റി.സി-യുടെ മകൻ ശ്രീ.എബി.റ്റി.എസ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കുന്നംകുളം നഗരസഭ
ശ്രീ.എബി.റ്റി.എസ് (തോലത്ത്(H),കക്കാട്,കുന്നകുളം പി.ഒ .തൃശ്ശൂർ 680503)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ(ഇയു1/170/2025/തസ്വഭവ-ഫയൽ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 10-03-2026 14:52:09
സെക്ഷൻ ഓഫീസർ